**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6709** **11-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചകതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ പാചകതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാചക തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറകടർ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | പാചകതൊഴിലാളികൾക്ക് കുടിശ്ശികയായിട്ടുള്ള ദിവസവേതനവും സമാശ്വാസവേതനവും എത്രയെന്നും ആയത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | 2023 – 24 മാർച്ച് മാസം വരെയുള്ള മുഴുവൻ ഓണറേറിയവും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഏപ്രിൽ-മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ഈ മാസം 12 ാം തീയതിക്കുള്ളിൽ തന്നെ ഈ തുക വിതരണം ചെയ്യുന്നതാണ്. |
| (സി) | പാചകതൊഴിലാളികളുടെ ജോലിഭാരം കണക്കിലെടുത്ത് വിദ്യാർത്ഥി-തൊഴിലാളി അനുപാതത്തിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കാമോ; | (സി) | കുട്ടികളുടെ എണ്ണത്തിന് ആനുപാതി- കമായി പാചകത്തൊഴിലാളികളെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്. |
| (ഡി) | പാചകതൊഴിലാളികളുടെ നിയമനത്തിനും വിരമിക്കലിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; വിരമിക്കലിന് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ? | (ഡി) | പാചകത്തൊഴിലാളികളുടെ നിയമനത്തിൽ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്കും എസ്.സി, എസ്.ടി, ഒ.ബി.സി ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്പെടുന്നവർക്കും മുൻഗണന നൽകിയിട്ടുണ്ട്. നിലവിൽ 500 കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു പാചക തൊഴിലാളിയേയും 500 കുട്ടികൾക്ക് മുകളിൽ 2 തൊഴിലാളികളേയും നിയമിക്കാവുന്നതാണ്. പാചക ത്തൊഴിലാളികളെ പുതിയതായി നിയമിക്കുന്നതിനും പ്രത്യേക സാഹചര്യങ്ങളിൽ പിരിച്ചു വിടുന്നതിനുമുള്ള അധികാരം സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റികൾക്കാണ്. (പി.ടി.എ പ്രസിഡന്റ് ചെയർമാനും സ്കൂൾ പ്രഥമാദ്ധ്യാപിക/പ്രഥമാദ്ധ്യാ- പകൻ കൺവീനറുമായിട്ടുള്ള കമ്മറ്റി) പാചക |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ വിരമിക്കുന്നതിനുള്ള പ്രായപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ